(ഇ) എത്രയും വേഗം ഈ തുക കെട്ടിവെയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കൊയിത്താനം ഗ്രൗണ്ട് ലെവൽ ടാങ്കിന്റെ പണി എന്ന് ആരംഭിക്കും ;

(ജി) എത്രയും വേഗം ഈ ടാങ്കിന്റെ പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പമ്പിംഗിനാവശ്യമായ പമ്പുസെറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. വൈദ്യുതി കണക്ഷനുവേണ്ടിയുള്ള നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു. വൈദ്യുതി കണക്ഷൻ കിട്ടുന്ന മുറയ്ക്ക്, വാഴപ്പറമ്പ് ടാങ്കിൽ നിന്നും ഇളപ്പാനി ടാങ്കിലേയ്ക്കും മാതൃമല ടാങ്കിലേയ്ക്കും പമ്പിംഗ് തുടങ്ങുവാൻ സാധിക്കും.

(ബി) വൈദ്യുതി കണക്ഷൻ മേയ് മാസത്തോടെ ലഭിക്കുമെന്ന് കരുതുന്നു. കണക്ഷൻ ലഭിച്ചാൽ മേയ് മാസത്തോടെ പമ്പിംഗ് ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പമ്പു സെറ്റുകൾ വാങ്ങുവാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. ആയതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 5 ലക്ഷം രൂപ.

(ഇ) സ്വീകരിക്കുന്നതാണ്.

(എഫ്) പ്രസ്തുത ടാങ്കിന്റെ പണിക്ക് ലഭിച്ച ടെൻഡറുകൾ പരിശോധിച്ച് വരുന്നതേയുള്ളൂ.

(ജി) നടപടി സ്വീകരിക്കുന്നതാണ്.

കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

36 (1188) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പുതുതായി ഏതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രമാടം വാട്ടർ സപ്ലൈ സ്കീം, അരുവാപ്പുലം പഞ്ചായത്തിലെ മാളാപ്പാറ വാട്ടർ സപ്ലൈ സ്കീം, കൂടൽ-ഏനാദിമംഗലം വാട്ടർ സപ്ലൈ സ്കീം എന്നിവയ്ക്ക് പി.എം.ജി.വൈ. പദ്ധതി പ്രകാരം അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഓരോന്നിന്റെയും അടങ്കൽ തുക എത്ര ; എന്നത്തേയ്ക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോന്നിത്താഴം വാട്ടർ സപ്ലൈ സ്കീമിന്റെ നടപടികൾ ഏതവസ്ഥയിലാണെന്നും ഇതിനും ടെൻഡർ തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) തണ്ണിത്തോട് വാട്ടർ സപ്ലൈ സ്കീമിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നത്തേയ്ക്ക് ടെൻഡർ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോന്നി നിയോജക മണ്ഡലത്തിൽ പ്രമാടം മാളാപ്പാറ, കൂടൽ, ഏനാദിമംഗലം എന്നീ ശുദ്ധജലവിതരണ പദ്ധതികൾ വിപുലീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ പി.എം.ജി.വൈ. പ്രോഗ്രാമിൽ ഉൾപ്പെടുത്തി എ.ആർ.പി. സാങ്ഷനിഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതികൾക്ക് എ.ആർ.പി. സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. പദ്ധതികൾക്കുള്ള അടങ്കൽ തുക/എസ്റ്റിമേറ്റ് തുക താഴെപറയും പ്രകാരമാണ് :-

1. കൂടൽ-ഏനാദിമംഗലം - 147.50 ലക്ഷം രൂപ
2. പ്രമാടം - 222.00 ലക്ഷം രൂപ
3. മാളാപ്പാറ - 110.00 ലക്ഷം രൂപ

മേൽപ്പറഞ്ഞ പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയശേഷം എത്രയുംവേഗം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കോന്നിത്താഴം വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി തയ്യാറാക്കിയ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് അനുസരിച്ച് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടിരൂപയായി കണക്കാക്കിയിരിക്കുന്നു. ഈ സ്കീമിന്റെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ഡി) പ്രസ്തുത സ്കീമിന്റെ പണിക്ക് ടെൻഡർ ക്ഷണിച്ചു കഴിഞ്ഞു. പണി ആരംഭിച്ച് 3 വർഷത്തിനകം പദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കടത്തോട്, തെക്കുംകര, പാവറട്ടി ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി

37 (1189) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടത്തോട്, തെക്കുംകര, പാവറട്ടി ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പ്രസ്തുത പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന ചർച്ചകൾക്കുമായി 16-6-1999-ൽ വകുപ്പുമന്ത്രി ഉന്നതതല യോഗം വിളിച്ചു കൂട്ടിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly